# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ.ശ്രീമതി.അനുപമ റ്റി.വി. ഐ.എ.എസ്. വനിതാ ശിശുവികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി, SCPS)

വിഷയം : വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ്- പാരന്റിംഗ് ക്ലിനിക്ക് -
- കൗൺസിലർമാർക്ക് ആഗസ്റ്റ് മാസം മുതൽ 2022 മാർച്ച് മാസം വരെ ആവശ്യമായ തുക അനുവദിച്ചു ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം: 1. GO(Rt)No.322/2021/SJD നമ്പർ സർക്കാർ ഉത്തരവ്. തീയതി. 17.05.21
2. ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ് തീയതി. 21.10.2021
3. ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്തുകൾ

## ഉത്തരവ് നമ്പർ ICPS 3/2532/2020 തീയതി : 19/03/2022

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതി എന്ന പേരിൽ ഉത്തരവാദിത്തപൂർണ്ണമായ രക്ഷകർതൃത്വത്തെ കുറിച്ച് പാരന്റിംഗ് ക്ലിനിക്ക് സംഘടിപ്പിച്ച് വരുന്നു. പാരന്റിംഗ് ക്ലിനിക്കിലെ കൗൺസിലർമാർക്ക് ഹോണറേറിയം അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം 500 രൂപ നിരക്കിൽ 2021 ജൂൺ മാസം മുതൽ എല്ലാ ശനിയാഴ്ചകളിലും സംഘടിപ്പിക്കുന്നതിന് 22,91,000/- രൂപ അനുവദിച്ച് ഉത്തരവായിരിക്കുന്നു. ടി തുകയിൽ നിന്നും ജില്ലകൾക്ക് പാരന്റിംഗ് ക്ലിനിക്ക് കൗൺസിലർമാരുടെ ആഗസ്റ്റ് മാസം വരെയുള്ള ഹോണറേറിയം തുകയായ 286000/- രൂപ അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം, 2022 മാർച്ച് വരെ ആവശ്യമായ തുക ജില്ലകളിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്നു.

| ജില്ല | ബ്ലോക്ക്/ കോർപ്പറേഷൻ | കൗൺസിലർമാർക്ക് 2022 മാർച്ച് വരെ അനുവദിക്കേണ്ട ഹോണറേറിയം തുക |
|---|---|---|
| തിരുവനന്തപുരം | 12 | 49500/- |
| കൊല്ലം | 12 | 87000/- |
| പത്തനംതിട്ട | 8 | 51250/- |
| ആലപ്പുഴ | 12 | 108250/- |
| കോട്ടയം | 11 | 99000/- |
| ഇടുക്കി | 8 | 137750/- |
| എറണാകുളം | 15 | 90500/- |
| തൃശ്ശൂർ | 17 | 266618/- |
| പാലക്കാട് | 13 | 83250/- |
| മലപ്പുറം | 15 | 124500 /- |
| കോഴിക്കോട് | 13 | 60000/- |

| | | |
|---|---|---|
| വയനാട് | 4 | 26000/- |
| കണ്ണൂർ | 12 | 63500/- |
| കാസർഗോഡ് | 6 | 29500/- |
| **ആകെ** | **158** | **12,76,618/-** |

മേൽ പട്ടിക പ്രകാരം പാരന്റിംഗ് ക്ലിനിക്കിലെ കൗൺസിലർമാർക്ക് ഹോണറേറിയം അനുവദിക്കുന്നതിന് 12,76,618/- രൂപ (പന്ത്രണ്ട് ലക്ഷത്തി എഴുപത്തി ആറായിരത്തി അറുന്നൂറ്റി പതിനെട്ട് രൂപ മാത്രം) വനിത ശിശു വികസന വകുപ്പിന്റെ **2235 – 02 – 102 – 36 (P) 02** യിൽ നിന്നും ജില്ലാ വനിത ശിശു വികസന ഓഫീസറുടെ പേരിൽ അനുവദിച്ച് ഉത്തരവാകുന്നു. ജില്ലാ ശിശു വികസന ഓഫീസർമാർ തുക അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നൽകേണ്ടതാണ് .

ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ തുക കൗൺസിലർമാർക്ക് അനുവദിച്ചതിനു ശേഷം ധനവിനിയോഗ സർട്ടിഫിക്കറ്റ് , എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ് എന്നിവ സഹിതം ഈ കാര്യലയ ത്തിൽ അയച്ചു നൽകേണ്ടതാണ്.

(ഒപ്പ്)

**വനിതാ ശിശു വികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (SCPS)**

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

**പകർപ്പ്**

1. **എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും**
2. സൂപ്രണ്ട് എ സെക്ഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്
3. സൂപ്രണ്ട് ബി സെക്ഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്.
4. ICPS – 4.
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്